# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2652 14.12.2015 - ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിയിലെ അധികാര വികേന്ദ്രീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. പി.സി വിഷ്ണുനാഥ് | ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വാട്ടർ അതോറിറ്റിയിൽ അധികാര വികേന്ദ്രീകരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;വ്യക്തമാക്കുമോ; | (എ) കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 14/09/1999-ലെ നടപടിക്രമം നമ്പർ കെ.ഡബ്ല്യൂ.എ./എച്ച്.ഒ./ഡബ്ല്യൂ.എൻ./33/97 പ്രകാരം കേരള വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ അധികാരം സംബന്ധിച്ചുള്ള നടപടികൾക്ക് ഉത്തരവാകുകയും ആയത് നടപ്പിലാക്കി വരുകയും ചെയ്യുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) വാട്ടർ അതോറിറ്റിയുടെ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും, സേവനങ്ങൾ കൃത്യമായി ജനങ്ങളിലെത്തിക്കുന്നതിനും വേണ്ടിയാണ് പദ്ധതി വഴി ലക്ഷ്യമിട്ടത്. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) 14/09/1999-ലെ മാനേജിംഗ് ഡയറക്ടറുടെ നടപടി ക്രമം നമ്പർ കെ.ഡബ്ല്യൂ.എ./എച്ച്.ഒ./ ഡബ്ല്യൂ.എൻ./33/97 പ്രകാരം അധികാരവികേന്ദ്രീ കരണത്തെക്കുറിച്ചുള്ള വിശദമായ ഉത്തര വിറക്കുകയും ആയതിൻ പ്രകാരം നടപടി ക്രമങ്ങൾ പാലിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ